No.CEE/4050/2016/KEAM-2017/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2017 അപേക്ഷയിലെ വിവരങ്ങൾ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും സമയം അനുവദിച്ചു.

2017–ലെ കേരളത്തിലെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ബി.ഫാം, ഫാം.ഡി, മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിനായി സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കപ്പെട്ട അപേക്ഷയിലെ വിവരങ്ങളും, അപാകതകൾ സംബന്ധിച്ച വിവരങ്ങളും അപേക്ഷകർക്ക് പരിശോധിക്കുന്നതിനും, പരിഹരിക്കുന്നതിനുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകനെ സംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് അപേക്ഷകർ ഉറപ്പുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉള്ളവർ ആയത് തെളിയിക്കുന്നതിനുള്ള രേഖകളും, അപേക്ഷയിൽ അപാകതകൾ ഉള്ളവർ അവ പരിഹരിക്കുന്നതിനുള്ള രേഖകളും **2017 ഏപ്രിൽ 5–ാം തീയതി**യ്ക്കകം നേരിട്ടോ, രജിസ്റ്റേർഡ് പോസ്റ്റ്/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, 5–ാം നില, ശാന്തിനഗർ, തിരുവനന്തപുരം–695001** എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്.

വിശദാംശങ്ങൾക്കായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in**, **www.cee-kerala.org** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

ഹെൽപ്പ് ലൈൻ നമ്പരുകൾ : 0471- 2339101, 2339102, 2339103, 2339104

തിരുവനന്തപുരം
30.03.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**